(സി) മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഇക ബന്ധപ്പെട്ട ജില്ലാ ഫിഷറീസ് ഓഫീസർക്ക് സമയബന്ധിതമായി അനുവദിക്കുകയും നിർവ്വഹണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും, പദ്ധതി പ്രവർത്തനങ്ങൾ ഡിപ്പാർട്ട്മെന്റ്/ സർക്കാർ തലത്തിൽ വിലയിരുത്തുകയും ചെയ്യുന്നു.

കേരള ജലകൃഷി വികസന ഏജൻസി, ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഏജൻസി എന്നിവിടങ്ങളിലെ നിയമനം

151 (3661) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജലകൃഷി വികസന ഏജൻസി (എഡിഎകെ), ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഏജൻസി (എഫ്ഐആർഎം എ) എന്നിവിടങ്ങളിൽ നാളിതുവരെ എത്ര താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) സ്ഥിരപ്പെടുത്തിയവരുടെ വിശദാംശങ്ങൾ തസ്തിക സഹിതം അറിയിക്കാമോ?

ഉത്തരം

(എ) കേരള ജലകൃഷി വികസന ഏജൻസിയിൽ (എഡിഎകെ) 54 ജീവനക്കാരേയും ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഏജൻസിയിൽ (എഫ്ഐആർഎംഎ) 5 താല്കാലിക ജീവനക്കാരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്ഥിരപ്പെടുത്തിയവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

മാടായി, കടന്നപ്പള്ളി റോഡും പാലവും നിർമ്മാണം

152 (3662) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി,രാമന്തളി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഓലക്കീൽക്കടവ് പാലം നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് സമർപ്പിച്ച ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കല്ല്യശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി -പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ തീരദേശ റോഡായ മാടൻതട്ട്-ഏര്യം-പാണപ്പുഴ-കച്ചേരിക്കടവ് റോഡിന് നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മാടായി, രാമന്തളി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഓലക്കീൽക്കടവ് പാലത്തിന്റെ പ്രാഥമിക പഠനം നടത്തുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിരുന്നു. നബാർഡിൽനിന്നും Formal Sanction ലഭ്യമാകാത്തതിനാൽ ടി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് NABARD ശീർഷകത്തിൽ അനുമതി നൽകുവാൻ സാധിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ പൂർത്തീകരിച്ചാൽ മാത്രമേ നബാർഡിൽനിന്നും പദ്ധതികൾക്ക് അനുമതി ലഭിക്കുകയുള്ളൂ. പാലം പ്രവൃത്തികൾക്കുള്ള ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ നടപ്പിലാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പ്രത്യേക ശീർഷകം അനുവദിച്ചിട്ടില്ല. ഇത് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ട മാടൻതട്ട്-ഏര്യം-പാണപ്പുഴ-കച്ചേരിക്കടവ് റോഡിന്റെ 641 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് നബാർഡ് RIDF-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

കല്ലോലി ഭാഗം കോളനി, തങ്കശ്ശേരി നിർമ്മിതി കോളനി എന്നിവയുടെ നവീകരണം

153 (3663) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ വസിക്കുന്ന കല്ലോലി ഭാഗം കോളനി നവീകരിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) 21-5-15-ൽ 3408/വി.ഐ.പി/സി.എം. എന്ന നമ്പരിൽ ബഹു.മുഖ്യമന്ത്രി ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) മത്സ്യത്തൊഴിലാളികൾ വസിക്കുന്ന തകർച്ചയിലായ തങ്കശ്ശേരി നിർമ്മിതി കോളനി പുനർനിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾ വസിക്കുന്ന കല്ലോലിഭാഗം കോളനി നവീകരിക്കുന്നതിന് 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഫിഷറീസ് വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly